കവിത

# രാഷ്ട്രീയ മുസ്ലീം, സൗദി അറേബ്യ, വിശ്വാസത്തിന്റെ അഞ്ച് സ്തംഭങ്ങൾ

**ആയിഷ സത്താർ**

**മൊഴിമാറ്റം- കെ സഹദേവൻ**

## സത്യവാങ്മൂലം

ദൈവമില്ലെന്നും, മുതലാളിത്തമാണ് ദൈവമെന്നതിനും,
അന്ത്യ പ്രവാചകൻ ബുഷ് ആണെന്നതിനും ഞങ്ങൾ സാക്ഷ്യം.

## പ്രാർത്ഥന

പെന്റഗണിലേക്ക്-
ലോക്ക്ഫീൽഡ് മാർട്ടിനും ബോയിംഗും ചേർന്ന് പണിത,
മുതലാളിത്തമെന്ന പുത്തൻ ദൈവത്തെ ആരാധിക്കുന്നതിനായി സമർപ്പിക്കപ്പെട്ട-
ദേവാലയത്തിലേക്ക് മുഖം തിരിച്ച്
ഞങ്ങൾ ദിവസത്തിൽ അഞ്ച് തവണ പ്രാർത്ഥിക്കുന്നു.

## കാരുണ്യം

ഇത് സകലർക്കും ബാധ്യമായ ഒന്ന്,
കൂട്ടായ അപരാധത്തെ ആശ്രയിച്ചിരിക്കുമിത്.
ഭക്ഷണത്തോടൊപ്പം ബോംബുകളും, അഭയാർത്ഥി ക്യാമ്പുകളും
(അതിജീവനം ഒട്ടും ഉറപ്പില്ലാത്തത്),
ഗുണഭോക്താവിന്റെ സാമ്പത്തിക വിശ്വാസങ്ങളെ പരിഗണനയിലെടുക്കാതെ
നാം ഏർപ്പെടുത്തികൊടുക്കേണ്ടത്.

## ഉപവാസം

ഒരു മാസക്കാലം,
പ്രഭാതം തൊട്ട് പ്രദോഷം വരെ,
ആ ഭാഗ്യദോഷികളുടെ കഷ്ടാവസ്ഥകളെ തിരിച്ചറിഞ്ഞുകൊണ്ട്,
തെമ്മാടിരാജ്യങ്ങളുമായി നാം യുദ്ധത്തിലേർപ്പെടും.
ആതുരാലയങ്ങളുടെയും പാഠശാലകളുടെയും വായ്ക്കുള്ളിലൂടെ
ഒരൊറ്റ നാണയവും കടന്നുപോകാൻ അനുവദിക്കില്ല.

## ഹജ്ജ്

നമ്മുടെ സോഷ്യലിസ്റ്റ് വഴികളിൽ
കരുണയും ക്ഷമയും ഉദ്ദീപിപ്പിക്കുന്നതിനായി,
എണ്ണപ്പണത്തിന്റെപിന്തുണയോടെ
സമാധാനത്തിന്റെ- ആചാരാനുഷ്ഠാനങ്ങളുടെ അകമ്പടിയോടെ
നമുക്ക്
അമേരിക്കൻ മണ്ണിലേക്ക് തീർത്ഥാടനം നടത്തണം.
പാപമോചനം സാധ്യമായ അന്നുതൊട്ട്
നമുക്ക്
സ്വന്തം മണ്ണിലേക്ക് തിരിച്ചുനടക്കാൻ കഴിയും.



ആയിഷ സത്താർ: അമേരിക്കയിൽ സ്ഥിരതാമസം- കവി, സ്വതന്ത്ര പത്രപ്രവർത്തക. കഴിഞ്ഞഒരുകൊല്ലക്കാലമായി ട്രിനിഡാഡിൽ' ഇന്തോ-ട്രിനിഡാഡ് ജനപ്രിയ സംഗീതം: ലിംഗം, ലൈംഗികത,വർഗ്ഗം, എന്ന വിഷയത്തിൽ ഗവേഷണം നടത്തുന്നു. മെഡിക്കൽ ആന്ത്രോപ്പോളജി മറ്റൊരു ഇഷ്ട വിഷയം. ( കടപ്പാട്- വോയ്സസ് ഓഫ് റെസിസ്റ്റൻസ്)